# അനുബന്ധം 2

# സത്യവചനം കൃത്യമായി കൈകാര്യം ചെയ്‌വാൻ ഉള്ള പഠന സഹായങ്ങൾ

*"സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി, ദൈവത്തിന്നു കൊള്ളാവുന്നവനായി നില്പാൻ ശ്രമിക്ക" ( 2 തിമൊഥെയൊസ് 2:15).*

സത്യവചനത്തെ (ബൈബിൾ) യഥാർത്ഥമായി കൈകാര്യം ചെയ്യേണ്ടത് സുപ്രധാനം തന്നെ. മറ്റു കാര്യങ്ങളുടെ മദ്ധ്യേ, ഇതിനർത്ഥം പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള വ്യത്യാസം മനസിലാക്കേണ്ടതുണ്ട്. പഴയനിയമം നിഴലും, പുതിയ നിയമം പൊരുളും ആകുന്നു (എബ്രായർ 10:1). പഴയ നിയമത്തെ "ക്രൂശിൽ തറെച്ചു," പുതിയ നിയമം ഇന്നു ആത്മിയമായി പ്രാബല്യത്തിൽ വരുത്തിയിരിക്കുന്നു (കൊലൊസ്യർ 2:14). പഴയ നിയമം മാതൃകക്കു വിലപ്പെട്ടതും ദൈവം തന്റെ വാഗ്ദാനം എപ്പോഴും എങ്ങനെ നിറവേറ്റുമെന്ന് കാണിക്കയും ചെയ്യുന്നു (1 കൊരിന്ത്യർ 10:6). ദൈവത്തിന്റെ പഴയ നിയമ വാഗ്ദാനങ്ങൾ പുതിയ നിയമത്തിൽ നിറവേറ്റിയിരിക്കുന്നു. (അടുത്ത പേജിലെ "ദൈവ വചനത്തെ യഥാർത്ഥമായി കൈകാര്യം ചെയ്യൽ" പഠിക്കുക.)

## ദൈവ വചനത്തെ യഥാർത്ഥമായി കൈകാര്യം ചെയ്യൽ
## 2 പ്രവൃത്തികൾ 2:15

| പഴയ നിയമം | പുതിയ നിയമം |
|---|---|
| **വാഗ്ദാനം ചെയ്തതു** (ഉല്പത്തി 3:15; 12:3) | **വാഗ്ദാനം നിറവേറ്റി** |
| 1. രാജ്യം സ്ഥാപിക്കപ്പെടും (ദാനിയേൽ 2:44) | മർക്കൊസ് 9:1; പ്രവൃത്തികൾ 1:8; 2:1–4; ലൂക്കൊസ് 22:29, 30; 1 കൊരിന്ത്യർ 11:23 |
| 2. കർത്താവിന്റെ ആലയം പണിയപ്പെടും (യെശയ്യാവ് 2:2, 3) | എബ്രായർ 10:21; 1 തിമൊഥെയൊസ് 3:15 |
| അതു "അന്ത്യകാലത്തിൽ" | പ്രവൃത്തികൾ 2:16, 17; എബ്രായർ 1:1, 2 |
| ആയിരിക്കും യെരുശലേമിൽ തുടങ്ങി | ലൂക്കൊസ് 24:46, 47; പ്രവൃത്തികൾ 1:4–8 |
| *സകല ദേശക്കാർക്കും ഉണ്ടാകും* | പ്രവൃത്തികൾ 2:9; റോമർ 1:16. |
| 3. ക്രിസ്തു രാജാവാകും (യിരെമ്യാവ് 23:5, 6) | മത്തായി 28:18; പ്രവൃത്തികൾ 2:29–33 |
| 4. പുതിയ നിയമം പ്രാബല്യത്തിൽ വരും (യിരമ്യാവ് 31:31) | മത്തായി 16:18, 19; പ്രവൃത്തികൾ 2:36–38; എബ്രായർ 9:15–17 |
| 5. പരിശുദ്ധാത്മാവിനെ നല്കും (യോവേൽ 2:28) | പ്രവൃത്തികൾ 2:16–21 |

**സഭയെ സംബന്ധിച്ച എല്ലാ പ്രവചനങ്ങളും പ്രവൃത്തികൾ 2–ൽ നിറവേറി, അതു പെന്തെകൊസ്തു ദിവസം എന്ന, ഒരൊറ്റ ദിവസത്തിൽ സംഭവിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.**

പ്രവൃത്തികൾ രണ്ടിനു **മുൻപു** രാജ്യത്തെകുറിച്ച് പറയുന്ന വാക്യങ്ങളിലെല്ലാം **ഭാവി**യിലുണ്ടാകുന്നതായി പറയുന്നു (യെശെയ്യാവ് 2:2–4; മീഖാ 4:1, 2, ദാനിയേൽ 2:44; മത്തായി 3:1, 2; 6:9, 10; 16:18; മർക്കൊസ് 9:1).

**പ്രവൃത്തികൾ 2: പെന്തെകൊസ**

പ്രവൃത്തികൾ 2 നു **ശേഷം** രാജ്യത്തെകുറിച്ചു പറയുന്ന വാക്യങ്ങളിലെല്ലാം രാജ്യം **നിലനിൽക്കുന്നതായിട്ടാണ്** പറയുന്നത് (പ്രവൃത്തികൾ 2:47; കൊലൊസ്യർ 1:13, 14).

## ബൈബിൾ അനുസരിച്ച് ഒരു പുതിയ ഇടവക എങ്ങനെയാണ് സംഘടിപ്പിക്കുന്നത്

**ഒരു സ്വതന്ത്ര ശരീരമായി** - കർത്താവിന്റെ സഭയിലെ ഓരോ ഇടവകയും വേറിട്ട, സ്വതന്ത്രമായ കൂട്ടമാണ്. ഒരിക്കലും ഒരിടവകയുടെ മേൽ മറ്റൊന്നാകുന്നില്ല. സഭയ്ക്കു സംഘടനകളോ, ഏതെങ്കിലും പ്രാദേശിക ഇടവകയെക്കാൾ വലുതായ ഒരു സംഘടനയുമില്ല.

**ക്രിസ്തുവിന്റെ ശരീരമായി** - ബൈബിളിൽ സഭയെ വിളിച്ചിരിക്കുന്നത് "ക്രിസ്തുവിന്റെ ശരീരം" എന്നാണ്. ഈ ആലങ്കാരിക പ്രയോഗങ്ങൾ "ക്രിസ്തുവാണ് ശരീരത്തിന്റെ തല" എന്നു നാം കാണുന്നു (കൊലൊസ്യർ 1:18; എഫെസ്യർ 1:22). ഭൗതിക ശരീരത്തിലെ ഓരോ അവയവത്തിനും പ്രത്യേക ഉപയോഗം ഉള്ളതുപോലെ, ക്രിസ്തുവിന്റെ ശരീരത്തിനുമുണ്ട്. സഭയിലെ ഒരംഗം മറ്റൊരംഗത്തേക്കാൾ വലിയവനല്ല. സഭ എന്ന ശരീരത്തിന്റെ മുഴുവൻ നന്മക്കായും എല്ലാവർക്കും അവരവർക്കു നല്കാവുന്ന സംഭാവനയുണ്ട്.

**ഏക തലയായി യേശുവിനോടു കൂടെ** - ക്രിസ്തു "സഭയുടെ തലയാകുന്നു" അതുപോലെ അവന്നു എല്ലാ അധികാരവുമുണ്ട് (മത്തായി 28:18). സഭയുടെ ഘടന മാറ്റുവാൻ ആർക്കും അധികാരം കൊടുത്തിട്ടില്ല; അങ്ങനെ മാറ്റുവാൻ ആർക്കും അധികാരവുമില്ല.

**മൂപ്പന്മാരുടെ നേതൃത്വത്തിൻ കീഴിൽ** - പ്രാദേശിക ഇടവകകൾ എണ്ണത്തിലും ആത്മിയ പക്വതയിലും വളരുമ്പോൾ, പ്രാദേശിക ഇടവകയിലെ പക്വത വന്ന പുരുഷന്മാരെ മൂപ്പന്മാരായി നിയമിക്കാം. ഈ പുരുഷന്മാരെ പ്രാദേശിക ഇടവക തന്നെ തിരഞ്ഞെടുക്കണം; അവർ സ്വയം തിരഞ്ഞെടുക്കപ്പെടേണ്ടവരല്ല. മൂപ്പന്മാരെ "ഇടയന്മാർ" എന്നും ആടുകളെ കാക്കുന്നവരായതുകൊണ്ട് വിളിച്ചിട്ടുണ്ട് (1 പത്രൊസ് 5:1-5). മൂപ്പന്മാർക്കുള്ള യോഗ്യതകൾ നാം 1 തിമൊഥെയൊസ് 3:1-8 വരെയുള്ള ഭാഗത്തും തീത്തൊസ് 1:5-8 വരെയുള്ള ഭാഗത്തും കാണാം. മൂപ്പന്മാരെയും ശുശ്രൂഷകന്മാരെയും നിയമിക്കാതെ തന്നെ സഭ ആരംഭിക്കാം. ആരംഭത്തിൽ അവരില്ലാതെ തുടരാം. ഇത്തരം സേവനത്തിനായി തിരഞ്ഞെടുക്കപ്പെടുന്നവൻ പരിചയസമ്പന്നരും യോഗ്യതയുള്ളവരും ആകണം.

**സേവനത്തിനു ശുശ്രൂഷകന്മാരെ നിയമിച്ചുകൊണ്ട്** - ഇടവകയെ സേവിക്കേണ്ടതിനു തിരഞ്ഞെടുക്കേണ്ട ശുശ്രൂഷകന്മാർക്കും യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. അവർ മൂപ്പന്മാർക്കു കീഴിൽ സേവനം നടത്തണം (ഫിലിപ്പിയർ 1:1; പ്രവൃത്തികൾ 20:28). അവരുടെ യോഗ്യതകൾ 1 തിമൊഥെയൊസ് 3:8-13 വരെയുള്ള വേദഭാഗത്ത് കാണാം.

## ക്രിസ്തീയ മനുഷ്യൻ

അനേക കാര്യങ്ങളിൽ ക്രിസ്തീയ പുരുഷന്മാർക്കു ക്രിസ്തീയ സ്ത്രീകളുടെ ഉത്തരവാദിത്വങ്ങൾ ഉണ്ട്. രണ്ടു പേരും സഭായോഗം മുടക്കാതെ കൂടിവരണം (എബ്രായർ 10:25), കൂടി വരുമ്പോൾ നല്കുന്നവരിൽ ഉദാരമുള്ളവരായിരിക്കണം (1 കൊരിന്ത്യർ 16:2), വിശുദ്ധ ജീവിതം നയിക്കണം (യാക്കോബ് 1:27), സുവിശേഷം അറിയിക്കണം (മത്തായി 28:19, 20), ദൈവവചനമായ ബൈബിൾ പഠിക്കണം (2 തിമൊഥെയൊസ് 2:15; പ്രവൃത്തികൾ 17:11), ആത്മീയമായി വളരുകയും വേണം (1 പത്രൊസ് 2:2).

**ക്രിസ്തീയ പുരുഷൻ ചെയ്യരുതാത്തത്:**

1. ഭാര്യയെയും മക്കളെയും ചീത്ത വിളിക്കരുത് (എഫെസ്യർ 5:25–31; 1 പത്രൊസ് 3:7; 1 തെസ്സലൊനിക്യർ 2:11).
2. അവൻ അക്രമസക്തനാകരുത് (റോമർ 12:18).
3. അവൻ ക്രമരഹിതനാകരുത് (1 കൊരിന്ത്യർ 6:18, 19).
4. അവൻ ഭോഗപ്രിയനാകരുത് (2 തിമൊഥെയൊസ് 3:4; തീത്തൊസ് 3:3).
5. അവൻ തോന്നലില്ലാത്ത അല്ലെങ്കിൽ വികാരരഹിതനാകരുത് (ലൂക്കൊസ് 22:62; യോഹന്നാൻ 11:35; പ്രവൃത്തികൾ 20:37).

**ക്രിസ്തീയ പുരുഷൻ എന്തു ചെയ്യണം:**

1. കർത്താവിന്റെ സഭയിൽ നേതൃത്വം നടത്തുവാൻ അവന്നു ഉത്തരവാദിത്വമുണ്ട് (1 തിമൊഥെയൊസ് 2:8–15; 1 കൊരിന്ത്യർ 14:33, 36).
2. സ്നേഹത്തോടെ തന്റെ കുടുംബത്തെ നയിക്കണം (എഫെസ്യർ 5:21–33; 1 കൊരിന്ത്യർ 3:18–21; 1 പത്രൊസ് 3:1–6; 1 കൊരിന്ത്യർ 11:2–5).
3. തന്റെ ഭവനത്തിന്റെ ഭൗതികവും ആത്മികവുമായ ആവശ്യങ്ങൾ അവൻ നിറവേറ്റണം (1 തിമൊഥെയൊസ് 5:8).
4. മക്കളെ നന്നായി വളർത്തേണ്ട ഉത്തരവാദിത്വം അവനിൽ ഉണ്ട് (എഫെസ്യർ 6:4).

**പുരുഷന്മാർക്കു വേണ്ട പുതിയ നിയമ "മാതൃകാ പങ്ക്"**

1. സഭയിൽ അദ്ധ്യക്ഷന്മാർക്കു വേണ്ട യോഗ്യതകൾക്കായി വാഞ്ഛിക്കണം. (അനുബന്ധം 2 ലെ "മൂപ്പന്മാർ ആകേണ്ടതു, എല്ലാ ക്രിസ്ത്യാനികളും ആകണം" എന്ന ചാർട്ട് നോക്കുക.)
2. അവർ യേശുവിനെപോലെ ശുശ്രൂഷാ നായകന്മാർ ആകണം (ലൂക്കൊസ് 22:27).
3. പ്രബോധന വാക്കുകൾ പറയുന്നതിനും സാമ്പത്തിക സഹായം ചെയ്യുന്നതിനും പുരുഷന്മാർ ബാർന്നബാസിനെ പോലെ ഔദാര്യശീലരാകണം (പ്രവൃത്തികൾ 4:36, 37).
4. ഫിലെമോനെ പോലെ പുരുഷന്മാർ തങ്ങളുടെ വീടുകൾ സഹക്രിസ്ത്യാനികൾക്കായി തുറന്നുകൊടുക്കണം (ഫിലെമോൻ 2). വ്യക്തിപരമായ അഭിപ്രായങ്ങൾ മാറ്റി സഹോദരന്മാരുടെ നന്മക്കായി പ്രവർത്തിക്കണം (ഫിലെമോൻ 10–20).

## ക്രിസ്തീയ സ്ത്രീ

**വചനാനുസരണം ക്രിസ്തീയ സ്ത്രീകൾക്കു എന്തു ചെയ്യാൻ കഴിയുകയില്ല:**

1. സഭ കൂടിവരുമ്പോൾ അവൾ നേതൃത്വം നടത്താവുന്നതല്ല (1 കൊരിന്ത്യർ 14:34, 35; 14:19, 23, 26, 28 നോക്കുക). സഭായോഗത്തിൽ ഉപദേഷ്ടാക്കന്മാർ സംസാരിക്കുന്നു. അതുകൊണ്ട് ക്രിസ്തീയ സ്ത്രീകൾ ആ ഉത്തരവാദിത്വം ചെയ്യാവുന്നതല്ല.
2. പുരുഷന്മാരുടെ മേൽ ആധിപത്യം നടത്തരുതെന്ന് സ്ത്രീകളോടു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് അവൾക്ക് മൂപ്പനായോ, ശുശ്രൂഷകനായോ സേവിക്കുന്നതല്ല (1 തിമൊഥെയൊസ് 2:12, 3:2).
3. അവൾ തന്റെ ഭർത്താവിന്റെ അധികാരത്തെ നിരസിക്കാവുന്നതല്ല (1 കൊരിന്ത്യർ 11).

**ക്രിസ്തീയ സ്ത്രീക്ക് വചനാനുസരണം ചെയ്യാവുന്നത്:**

1. പുരുഷന്മാരുടെ ആധിപത്യമില്ലാത്ത സ്ഥലങ്ങളിൽ നയിക്കുന്ന പ്രവൃത്തികളിൽ നിന്ന് അവളെ മാറ്റി നിർത്തുന്നില്ല.
2. മറ്റുള്ള സ്ത്രീകളെയോ, കുട്ടികളെയോ പഠിപ്പിക്കുന്നതിൽ നിന്നു അവളെ മാറ്റി നിർത്തുന്നില്ല. ചില സാഹചര്യത്തിൽ, പുരുഷന്മാരെ പഠിപ്പിക്കുവാൻ അവളെ അനുവദിക്കുന്നുണ്ട് (പ്രവൃത്തി 18:24–28; തിത്തൊസ് 2:4). മറ്റുള്ളവരെ ക്രിസ്തുവിലേക്കു നടത്തുവാൻ.
3. മറ്റുള്ളവരെ ക്രിസ്തുവിലേക്കു നടത്തുവാൻ വ്യക്തിപരമായ പ്രവർത്തനങ്ങളിൽ നിന്നു അവളെ ഒഴിച്ചു നിർത്തുന്നില്ല.
4. വചന പ്രകാരം ജോലി ചെയ്യുന്നതിനോ, ശമ്പളം പറ്റുന്നതിനോ, സഭയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനോ ഉള്ള സ്വാതന്ത്ര്യത്തിൽ നിന്നു അവളെ മാറ്റിനിർത്തുന്നില്ല.

**സ്ത്രീകൾക്കു വേണ്ട പുതിയ നിയമ "മാതൃകാ പങ്ക്"**

1. തന്റെ ഉപദേശത്തെ പിന്താങ്ങി സാമ്പത്തിക സഹായവുമായി സ്ത്രീകൾ പോയിട്ടുണ്ട് (മത്തായി 27:55; ലൂക്കൊസ് 8:1–3).
2. ലാസറിന്റെ സഹോദരി, മറിയ, കർത്താവിന്റെ കാല്ക്കീഴിൽ ഇരുന്ന്, വചനം പഠിച്ചു (ലൂക്കൊസ് (10:39, 42).
3. മഗ്ദലക്കാരത്തി മറിയ യേശുവിലുള്ള ഭക്തിയോടെ അവനെ അനുഗമിച്ച്, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ മറ്റുള്ളവരോട് പറയുവാൻ ഉതകുകയായിരുന്നു (യോഹന്നാൻ 20:1–18).
4. ഡോർക്കസ്, അല്ലെങ്കിൽ തബീഥാ, "ദയാ പ്രവൃത്തികളും സ്നേഹ പ്രവൃത്തികളും" ചെയ്തിരുന്നു (പ്രവൃത്തി 9:36).
5. ഫേബാ "സഭയിലെ ഒരു ശുശ്രൂഷക" ആയിരുന്നു, പൗലൊസിന്റെ സഹായി (റോമർ 16:1, 2).
6. ഒരപ്പൊസ്തലന്റെ സഹപ്രവർത്തകനും, മിഷണറിയുമായ ഒരാളുടെ വിശ്വസ്ത ഭാര്യയായിരുന്ന, എസ്കില്ല. അവളുടെ ഭർത്താവോടുകൂടെ, അവളുടെ ഭവനം സഭ കൂടുന്നതിനു നൽകി (റോമർ 16:3–5; പ്രവൃത്തികൾ 18:1–3; പ്രവൃത്തികൾ 18:24–28).

## മൂപ്പന്മാർ ആകേണ്ടതു, എല്ലാ ക്രിസ്ത്യാനികളും ആകണം

| മൂപ്പന്മാർ | *സ്വഭാവം* | എല്ലാ ക്രിസ്ത്യാനികളും |
|---|---|---|
| 1 തിമൊഥെയൊസ് 3:2 | *നിരപവാദ്യൻ (കുറ്റമില്ലാത്തവൻ)* | 1 തിമൊഥെയൊസ് 5:7; 6:14 |
| 1 തിമൊഥെയൊസ് 3:2 | *നിർമ്മദൻ (മിതശീലൻ)* | 1 പത്രൊസ് 1:13; 4:7; 5:8 |
| 1 തിമൊഥെയൊസ് 3:2 | *ജിതേന്ദ്രിയൻ (ഇന്ദ്രിയ, നിയന്ത്രണം)* | തിത്തൊസ് 2:2, 5; റോമർ 12:3 |
| 1 തിമൊഥെയൊസ് 3:2 | *അതിഥിപ്രിയൻ* | റോമർ 12:13; എബ്രായർ 13:2 |
| 1 തിമൊഥെയൊസ് 3:2 | *ഉപദേശിപ്പാൻ സമർത്ഥൻ* | എബ്രായർ 5:12 |
| 1 തിമൊഥെയൊസ് 3:3 | *മദ്യപ്രിയൻ അരുത് (മദ്യപാനി അരുത്)* | തിത്തൊസ് 2:3; എഫെസ്യർ 5:18 |
| 1 തിമൊഥെയൊസ് 3:3 | *ശാന്തൻ (ക്ഷമയുള്ള)* | ഫിലിപ്പിയർ 4:5; കൊലൊസ്യർ 3:13; തിത്തൊസ് 3:2 |
| 1 തിമൊഥെയൊസ് 3:3 | *കലഹിക്കാത്തവൻ* | യാക്കൊബ് 4:2; |

| | | |
|---|---|---|
| | *(വഴക്കിടാത്തവൻ)* | 2 തിമൊഥെയൊസ് 2:24 |
| 1 തിമൊഥെയൊസ് 3:3 | *ദ്രവ്യാഗ്രഹി അരുത്* | 1 തിമൊഥെയൊസ് 6:10; 2 തിമൊഥെയൊസ് 3:2 |
| 1 തിമൊഥെയൊസ് 3:4 | *മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവൻ* | എഫെസ്യർ 6:1–4 |
| 1 തിമൊഥെയൊസ് 3:7 | *പുറത്തുള്ളവരോട് നല്ല സാക്ഷ്യം പ്രാപിച്ചവൻ* | 1 പത്രൊസ് 2:12–16 |
| തിത്തൊസ് 1:8 | *നീതിമാൻ (നല്ലവൻ)* | കൊലൊസ്യർ 4:1 |
| തിത്തൊസ് 1:8 | *ഭക്തൻ (വിശുദ്ധൻ)* | എഫെസ്യർ 4:24; 1 തിമൊഥെയൊസ് 2:8 |
| തിത്തൊസ് 1:8 | *ഇന്ദ്രിയ-നിയന്ത്രണം ഉള്ളയാൾ (ജിതേന്ദ്രിയൻ)* | ഗലാത്യർ 5:23 |

*എല്ലാ ക്രിസ്ത്യാനികൾക്കും ആവശ്യമില്ലാത്ത മൂന്നു യോഗ്യതകൾ മൂപ്പന്മാർക്കുണ്ടാകണം. മൂപ്പൻ "ഏകഭാര്യയുടെ ഭർത്താവ്" ആയിരിക്കയും "വിശ്വാസികളായ മക്കൾ ഉള്ളവരും" ആയിരിക്കണം. "പുതിയ ശിഷ്യൻ അരുത്" (1 തിമൊഥെയൊസ് 3:2, 6; തിത്തൊസ് 1:6). (വിവാഹം കഴിഞ്ഞവർക്കു ഒരു പങ്കാളി മാത്രമേ ഒരു മൂപ്പനുണ്ടാകാവു. എന്നാൽ വിവാഹം കഴിക്കാത്തവർക്കും മക്കളില്ലാത്തവർക്കും ക്രിസ്ത്യാനികളാകാം.)*